Metro Vaartha

ഡീ-ടോക്സ്-ഡിസൈനർ ടോക്സ്, 21-ന്

കൊച്ചി: ആർക്കിടെക്റ്റുകൾ, ഇന്റീരിയർ ഡിസൈനർമാർ എന്നിവർക്കു വേണ്ടി ഡിസൈനർ പ്ലസ് ബിൽഡർ മാഗസിൻ നടത്തുന്ന ഡീ-ടോക്സ് പ്രഭാഷണ പരമ്പരയുടെ രണ്ടാമത്തെ സെഷൻ 21- ന് നടക്കും. കലൂർ ഐഎംഎ ഹൗസിലെ സീയൂസ് ഹാളിൽ വൈകിട്ട് ആറു മുതലാണ് പരിപാടി. ദേശീയ തലത്തിൽ പ്രശസ്തനായ ബ്രാൻഡ് ഗുരു പ്രതാപ് സുതനാണ് പ്രഭാഷകൻ. ആർക്കിടെക്റ്റ്സ്-എലിവേറ്റ് ബ്രാൻഡ്-എൻഹാൻസ് പ്രാക്ടീസ് എന്നതാണ് പ്രഭാഷണ വിഷയം. ആർക്കിടെക്റ്റുകളുടെ ബ്രാൻഡ് മൂല്യം ഉയർത്തി, പ്രാക്ടീസ് വളർത്താനും അവരുടെ പ്രവർത്തന മേഖലവിപുലീകരിക്കാനുമാണ് ഡീ-ടോക്സിന്റ് ഈ ടോക്ക് ഷോ ലക്ഷ്യമിടുന്നത്.

ട്രെയ്നിൽ ലൈംഗികാതിക്രമം: എറണാകുളം സ്വദേശി അറസ്റ്റിൽ

കൊച്ചി: ട്രെയിനിൽ യുവതിക്ക് നേരെ ലൈംഗികാതിക്രമം. എറണാകുളത്തുനിന്ന് പാലക്കാട്ടേക്ക് യാത്ര ചെയ്ത യുവതിക്ക് നേരെയായിരുന്നു ലൈംഗികാതിക്രമം നടന്നത്. സംഭവത്തിലെ പ്രതിയായ കടമക്കുടി സ്വദേശി ശ്രീനേഷിനെ പാലക്കാട് നിന്നും പൊലീസ് അറസ്റ്റ് ചെയ്തു. ചിറ്റൂരിലെ സ്വകാര്യ മെഡിക്കൽ കോളെജിലെ അവസാന വർഷ വിദ്യാർത്ഥിയാണ് പ്രതി. നിലവിൽ രണ്ട് കേസുകളിലെ പ്രതി കൂടിയാണ് ഇയാൾ. ശബരി എക്സ്പ്രസിലാണ് അതിക്രമം നടന്നത്.

തെരഞ്ഞെടുത്തു

പെരുമ്പാവൂർ: കാഞ്ഞിരക്കാട് പള്ളിപ്പടി റസിഡൻസ് അസോസിയേഷൻ ഭാരവാഹികളായി പി.കെ. കൊച്ചുണ്ണി (പ്രസി.), സി.എം. ബാവ (സെക്ര.), വി.എ. ബാവ ഹുസൈൻ (ട്രഷ.) എന്നിവരെ തെരഞ്ഞെടുത്തു. പെരിന്തൽമണ്ണ മെഡിക്കൽ കോളെജിൽ നിന്ന് ഫസ്റ്റ് ക്ലാസോടെ എംബിബിഎസ് ബിരുദം കരസ്ഥമാക്കിയ അസോസിയേഷൻ അംഗം അമ്പാടൻ ദിലീപിന്റെ മകൾ ഫാത്തിമ ഹദിയയെ ആദരിച്ചു.

പെരുമ്പാവൂർ: കേരള കോൺഗ്രസ് (എം) ഭാരവാഹികളായി ജോളി കെ.ജോസ്, കെ.പി. പൈലി (ജില്ലാ വൈ. പ്രസി.), ജിജോ മറ്റത്തിൽ (യൂത്ത് ഫ്രണ്ട് സംസ്ഥാന സെക്ര.), മാത്യൂസ് പോൾ, ബിജു മൂഴിക്കൽ (ജില്ലാ യൂത്ത് ഫ്രണ്ട് (എം.) സെക്ര.) എന്നിവരെ പാർട്ടി ചെയർമാൻ ജോസ് കെ. മാണി എം.പി. നിയമിച്ചതായി സംസ്ഥാന ജന. സെക്ര. ബാബു ജോസഫ് അറിയിച്ചു.

പച്ചക്കറിത്തൈ വിതരണം

കോതമംഗലം : ഇൻഫാം പൈങ്ങോട്ടൂർ ഗ്രാമസമിതിയുടെ ആഭിമുഖ്യത്തിൽ പച്ചക്കറിത്തൈ വിതരണം നടത്തി. ഇൻഫാം സംസ്ഥാന കോ-ഓർഡിനേറ്റർ ഫാ. ജോസ് മോനിപ്പിള്ളിൽ വിതരണോദ്ഘാടനം നിർവഹിച്ചു. ഗ്രാമസമിതി പ്രസിഡന്റ് ജോയി ചെറുകാട്ട് അധ്യക്ഷത വഹിച്ചു. സംസ്ഥാന പ്രസിഡന്റ് ജോസ് എടപ്പാട്ട്, ദേശീയ സമിതിയംഗം ജോയി തെങ്ങുംകുടിയിൽ, ഗ്രാമസമിതി സെക്രട്ടറി ബിജു ചെറുകാട്ട്, ഗ്രാമസമിതി യംഗം മാണി പിട്ടാപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു.

കേരളാ ക്വിസ് 2026

ചേർത്തല: മുട്ടം സി.എൽ.സി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 33-ാമത് അഖില കേരള കേരളാ ക്വിസ് 2026 നവംബർ ആറിന്

ചേർത്തല മുട്ടം സെന്റ് മേരീസ് പാസ്റ്ററൽ സെന്ററിൽ നടക്കും.ഹൈസ്കൂൾ, പ്ലസ് ടു വിദ്യാർത്ഥി കൾക്കായി നടത്തുന്ന മത്സരത്തിൽ ഒരു സ്കൂളിൽ നിന്നും 2 പേരടങ്ങുന്ന 2 ടീമുകൾക്ക് പങ്കെടുക്കാം. മത്സരത്തി ൽ ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ ഉപയോ ഗിക്കുന്നതാണ്. വിജയി ആദ്യ എട്ട് സ്ഥാനങ്ങളിൽ വരുന്ന ടീമുകൾക്ക് ക്യാഷ് അവാർഡും ട്രോഫിയും പ്രശസ്തി പത്രവും സമ്മാനിക്കും. ഒന്നാം സമ്മാനം 15,001 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 10,001 രൂപയും മൂന്നാം സ്ഥാനക്കാർക്ക് 7501 രൂപയും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും സർട്ടിഫിക്കറ്റും പ്രോത്സാഹന സമ്മാനങ്ങളും ഉണ്ടായിരിക്കു ന്നതാണ്. രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക്: 7907617437, 6282440611, 9037262803.

വാട്ടർ മെട്രോ ടെർമിനലുകൾ ഉപേക്ഷിച്ചതിൽ പ്രതിഷേധം ശക്തം

കൊച്ചി: വാട്ടർ മെട്രോയുടെ നിർദിഷ്ട ആറ് ടെർമിനലുകൾ ഉപേക്ഷിച്ച സർക്കാർ നടപടിക്കെതിരെ കൊച്ചിയിൽ പ്രതിഷേധം ശക്തമാകുന്നു. പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ കാറ്റിൽപ്പറത്തി ആസ്റ്റർ, അമൃത, കോതാട്, തേവര, ചെറിയംതുരുത്ത്, മുളവുകാട് എന്നീ ടെർമിനലുകളാണ് ഗതാഗത വകുപ്പ് പുറപ്പെടുവിച്ച പുതിയ ഉത്തരവിലൂടെ ഒഴിവാക്കിയത്.

ഇതിനു പുറമെ മുൻപ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന നെട്ടൂർ ടെർമിനൽ പുതിയതായി അനുവദിച്ചതായി കാണിച്ച് ഉത്തരവിറക്കിയത് ജനങ്ങളെ വഞ്ചിക്കലാണെന്നും ആരോപണമുണ്ട്. നെട്ടൂർ കൂടി ഉൾപ്പെടുത്തിയതോടെ മൊത്തം ടെർമിനലുകളുടെ എണ്ണം മുപ്പത്തിമൂന്നായി ചുരുങ്ങി. തടാകങ്ങളുടെയും കായലുകളുടെയും നാടായ കൊച്ചിയിലെ ദ്വീപ് നിവാസികൾക്ക് നഗരത്തിലേക്ക് വേഗത്തിലെത്താൻ വഴിതുറന്ന പദ്ധതിയുടെ വികസനം തടയുന്ന നിലപാടാണ് സർക്കാരിന്റേതെന്ന് പ്രതിപക്ഷം കുറ്റപ്പെടുത്തുന്നു.

പാതയിലെ വീതിക്കുറവ്, ആഴമില്ലായ്മ, പാലങ്ങളുടെ ഉയരക്കുറവ്, ഭൂലഭ്യതയില്ലായ്മ തുടങ്ങിയ കാരണങ്ങളാണ് ടെർമിനലുകൾ ഉപേക്ഷിക്കാൻ സർക്കാർ ചൂണ്ടിക്കാണിക്കുന്നത്. എന്നാൽ പശ്ചിമ കൊച്ചിയിലെയും കുമ്പളത്തെയും ആയിരക്കണക്കിന് യാത്രക്കാർക്ക് നഗരത്തിലെ ഗതാഗതക്കുരുക്കിൽപ്പെടാതെ എളുപ്പത്തിലെത്താൻ സാധിക്കുമായിരുന്ന തേവരയിലെ ടെർമിനൽ കെഎസ്ആർടിസിയുടെ ഭൂമി ലഭ്യമാക്കി നിർമിക്കാമായിരുന്നുവെന്നാണ് മുൻ വ്യവസായ മന്ത്രി പി രാജീവും സിപിഎം ജില്ലാ സെക്രട്ടറി എസ് സതീഷും വ്യക്തമാക്കുന്നത്.

ആസ്റ്റർ, അമൃത, കോതാട്, ചെറിയംതുരുത്ത് എന്നിവിടങ്ങളിലെ സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കാൻ ശ്രമിക്കാതെ പദ്ധതി തകിടം മറിക്കാനാണ് നീക്കം. നിലവിലെ പാതയിൽ യാത്രക്കാർ കുറവാണെന്ന സാങ്കേതികത്വം പറഞ്ഞാണ് മുളവുകാട് ടെർമിനൽ ഒഴിവാക്കിയത്. യാതൊരു അധിക സാമ്പത്തിക ബാധ്യതയുമില്ലാതെ പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമായിരുന്ന ആറ് പ്രധാന കേന്ദ്രങ്ങളും ഉടൻ തന്നെ വാട്ടർ മെട്രോ ശൃംഖലയിൽ തിരികെ ഉൾപ്പെടുത്തണമെന്ന ആവശ്യവും ശക്തമായിട്ടുണ്ട്.

തങ്കളം–കാക്കനാട് നാലുവരിപ്പാത യാഥാർഥ്യമാക്കും: മന്ത്രി

കീരംപാറ-ഭൂതത്താൻകെട്ട് റോഡ് നവീകരണത്തിന്റെ ഉദ്ഘാടനം മന്ത്രി പി.കെ. ബഷീർ നിർവഹിക്കുന്നു.

കോതമംഗലം: തങ്കളം-കാക്കനാട് നാലുവരി പാത യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. കെ. ബഷീർ. നിലവിലെ സാഹചര്യങ്ങളും പ്രദേശത്തിന്റെ വികസന സാധ്യതകളും പരിഗണിച്ച് അലൈൻമെന്റ് പരിശോധിച്ച ശേഷമായിരിക്കും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുകയെന്നും മന്ത്രി പറഞ്ഞു. കീരംപാറ-ഭൂതത്താൻകെട്ട് റോഡ് നവീകരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഷിബു തെക്കുംപുറം എം.എൽ.എ. അധ്യക്ഷനായി.

കോതമംഗലം നിയോജകമണ്ഡലത്തിലെ 200 കിലോമീറ്റർ റോഡുകൾ മൂന്ന് വർഷത്തിനകം ബി.എം.-ബി.സി. നിലവാരത്തിൽ നവീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കൂടുതൽ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും. തങ്കളം-കാക്കനാട് നാലുവരി പാത യാഥാർഥ്യമാകുന്നതോടെ കോതമംഗലത്തിന്റെ ഗതാഗത, വ്യവസായ, വിനോദ സഞ്ചാര മേഖലകളിൽ വലിയ മുന്നേറ്റത്തിന് വഴിയൊരുങ്ങുമെന്നും മന്ത്രി പറഞ്ഞു.

അഞ്ച് കോടി രൂപ ചെലവിൽ നവീകരിച്ച 4.5 കിലോമീറ്റർ കീരംപാറ-ഭൂതത്താൻകെട്ട് റോഡിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു.

വർധിച്ചുവരുന്ന വാഹനഗതാഗതവും വിനോദസഞ്ചാരികളുടെ എണ്ണവും കണക്കിലെടുത്താണ് റോഡ് വീതി കൂട്ടിയത്. ബി.എം., ബി.സി. നിലവാരത്തിൽ റോഡ് നവീകരിച്ചതിനൊപ്പം ജി എസ് ബി ഉപയോഗിച്ച് വശങ്ങൾ ബലപ്പെടുത്തി. ഐറിഷ് ഡ്രെയിനുകൾ, സംരക്ഷണഭിത്തികൾ, ഷോൾഡർ പ്രൊട്ടക്ഷൻ എന്നിവയും നിർമിച്ചിട്ടുണ്ട്. സൂചനാബോർഡുകൾ, ഡെലിനേറ്ററുകൾ, റോഡ് മാർക്കിങ്, റിഫ്ലക്ടറി സ്റ്റഡുകൾ, ക്രാഷ് ബാരിയറുകൾ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. മുൻ എം.എൽ.എ. ആന്റണി ജോൺ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെസ്സി സാജു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ പി.എ.എം. ബഷീർ, ജോമി തെക്കേക്കര, സൗമ്യ ശശി, പഞ്ചായത്ത് പ്രസിഡന്റ്മാരായ പി. കെ. മൊയ്തു, തുടങ്ങിയവർ പങ്കെടുത്തു.

കൃഷിയെ സംരംഭമാക്കാൻ 'അഗ്രികോൺ 2026' 16ന്

കൊച്ചി: കർഷകർക്ക് ആധുനിക സാങ്കേതികവിദ്യകൾ, പുതിയ വിപണിസാധ്യതകൾ, കാർഷിക സംരംഭകത്വം എന്നിവ പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിക്കുന്ന 'അഗ്രികോൺ 2026' ഒക്ടോബർ 16ന് കേരള കാർഷിക സർവകലാശാലയിൽ നടക്കും. ടൈ കേരളയും കേരള കാർഷിക സർവകലാശാലയും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

കൃഷിയെ കൂടുതൽ ലാഭകരവും സുസ്ഥിരവുമായ സംരംഭമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിചയപ്പെടുത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. ആധുനിക കാർഷിക യന്ത്രവൽക്കരണം, സാങ്കേതികവിദ്യകളുടെ പ്രയോഗം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, പുതിയ വിപണികൾ, അഗ്രി-സ്റ്റാർട്ടപ്പുകൾ, കാർഷിക സംരംഭകത്വം തുടങ്ങിയ മേഖലകളിൽ നടക്കുന്ന മുന്നേറ്റങ്ങൾ പരിപാടിയിൽ ചർച്ചയാകും.

കൃഷിയെ വിജയകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗങ്ങൾ, കാർഷിക മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ, ഉൽപ്പന്നങ്ങൾക്ക് മൂല്യവർധന ഉറപ്പാക്കുന്നതിനുള്ള സാധ്യതകൾ, പുതിയ തലമുറയിലെ കാർഷിക-സാങ്കേതിക സ്റ്റാർട്ടപ്പുകൾ എന്നിവയെക്കുറിച്ച് അറിയാൻ കർഷകർക്കും സംരംഭകർക്കും അവസരമൊരുക്കും. കർഷകർ, സംരംഭകർ, സ്റ്റാർട്ടപ്പ് പ്രതിനിധികൾ, ഗവേഷകർ, വ്യവസായ വിദഗ്ധർ എന്നിവർക്ക് ആശയങ്ങൾ പങ്കുവയ്ക്കാനും പരസ്പര സഹകരണത്തിനുള്ള സാധ്യതകൾ കണ്ടെത്താനും വേദിയുണ്ടാകും.

പരിപാടിയുടെ ഭാഗമായി കാർഷിക മേഖലയിലെ നൂതന ആശയങ്ങളുമായി എത്തുന്ന സ്റ്റാർട്ടപ്പുകൾക്കായി പിച്ചിങ് മത്സരവും സംഘടിപ്പിക്കും. കാർഷിക ഉൽപ്പന്നങ്ങൾ, സാങ്കേതികവിദ്യകൾ, യന്ത്രങ്ങൾ, സ്റ്റാർട്ടപ്പുകളുടെ ഉൽപ്പന്നങ്ങൾ എന്നിവ പരിചയപ്പെടുത്തുന്ന പ്രദർശനവും സ്റ്റാളുകളും ഒരുക്കും.കാർഷിക മേഖലയിലെ പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്ന കർഷകർ, കാർഷിക സംരംഭകർ, പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ താൽപര്യമുള്ളവർ എന്നിവർക്ക് പരിപാടിയിൽ പങ്കെടുക്കാം.

എറണാകുളം കൊല്ലം പുതിയ ട്രെയിൻ സർവീസ് ഉടൻ

കൊച്ചി: എറണാകുളം കൊല്ലം റൂട്ടിൽ വൈകീട്ടത്തെ യാത്രാ തിരക്കിന് പരിഹാരമായി പ്രഖ്യാപിച്ച പുതിയ ട്രെയിൻ ഉടൻ സർവീസ് തുടങ്ങും. വൈകീട്ട് നാല് മണിയ്ക്ക് എറണാകുളം ജങ്ഷനിൽ നിന്ന് സർവീസ് ആരംഭിക്കുന്ന തരത്തിൽ 10 ദിവസത്തിനകം ഓടിത്തുടങ്ങുമെന്നാണ് തിങ്കളാഴ്ച കൊടിക്കുന്നിൽ സുരേഷ് എംപി അറിയിച്ചത്. ഇതനുസരിച്ചാണെങ്കിൽ അടുത്ത ആഴ്ച തന്നെ ട്രെയിൻ സർവീസ് ആരംഭിക്കും.

പാസഞ്ചർ ട്രെയിനാകും വേണാട് എക്സ്പ്രസിന് മുന്നിൽ സർവീസ് നടത്തുക . എറണാകുളം ജങ്ഷനിൽ നിന്ന് ആരംഭിച്ച് കോട്ടയം വഴി കൊല്ലം വരെയാകും ആദ്യം സർവീസ് പിന്നീട് ഇത് പുനലൂരിലേക്ക് നീട്ടുന്ന കാര്യം റെയിൽവേയുടെ പരിഗണനയിലുണ്ട്.

വേണാട് എക്സ്പ്രസിലെ അമിത തിരക്ക് കാരണം ദിവസേന ബുദ്ധിമുട്ടുന്ന കോട്ടയം, ചെങ്ങന്നൂർ, കൊല്ലം റൂട്ടിലെ സ്ഥിരം യാത്രക്കാർക്ക് ആശ്വാസമാകുന്ന സർവീസാണ് നിലവിൽ പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിൽ വൈകിട്ട് 5:20 നുള്ള വേണാട് എക്സ്പ്രസിന് മുന്നോടിയായി, വൈകിട്ട് 4 മണിയോടെ എറണാകുളം ജങ്ഷനിൽ നിന്നാണ് പുതിയ ട്രെയിൻ പുറപ്പെടുക. ഇത് വേണാടിലെ തിരക്ക് കുറയ്ക്കാൻ സഹായിക്കും.

കോട്ടയം, ആലപ്പുഴ, കൊല്ലം ജില്ലകളിലെ ആയിരക്കണക്കിന് വരുന്ന ജോലിക്കാർക്കും വിദ്യാർഥികൾക്കും വലിയ ആശ്വാസമാകുന്നതാണ് പുതിയ ട്രെയിൻ പ്രഖ്യാപനം. നേരത്തെ മേഖലയിലെ യാത്രാ തിരക്ക് കുറയ്ക്കാൻ മെമു ഉൾപ്പെടെ സർവീസുകൾ പ്രഖ്യാപിച്ചിരുന്നെങ്കിലും തിങ്ങി ഞെരുങ്ങിയാണ് യാത്രക്കാർ ട്രെയിനിൽ പോകുന്നത്. ഈ സാഹചര്യം ഒഴിവാക്കാനാണ് പുതിയ സർവീസ് പ്രഖ്യാപിച്ചിരിക്കുന്നത്.

കുസാറ്റ് വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി ബിരുദ ദാനം നിർവഹിച്ച ശേഷം വിദ്യാർത്ഥികൾക്കൊപ്പം

കുസാറ്റ് : ഹിന്ദി വകുപ്പ് ബിരുദ ദാന ചടങ്ങ് സംഘടിപ്പിച്ചു

കളമശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഹിന്ദി വകുപ്പിൽ 2024-26 ബാച്ചിൽ വിജയിച്ച വിദ്യാർത്ഥികൾക്കുള്ള ബിരുദ ദാന ചടങ്ങ് സംഘടിപ്പിച്ചു. സർവകലാശാല വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. പ്രമോദ് കോവ്പ്രത്, ഡീൻ, ഫാക്കൽറ്റി ഓഫ് ഹ്യുമാനിറ്റീസ് ബിരുദാനന്തര ബിരുദ സമർപ്പണം നടത്തി. ചടങ്ങിൽ വിശിഷ്ട അതിഥിയായി ഡോ. ബി. ആർ. അംബേദ്കർ യൂണിവേഴ്സിറ്റിയിലെ (ന്യൂ ഡൽഹി) പ്രൊഫസർ ഡോ. ഗോപാൽജി പ്രധാൻ പങ്കെടുത്തു. ചടങ്ങിൽ രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി., കൺട്രോളർ ഓഫ് എക്സാമിനേഷൻസ് ഡോ. മനോജ് എൻ, ഹിന്ദി വകുപ്പ് മേധാവി ഡോ. പ്രണിത പി., സെമിനാർ കോ-ഓർഡിനേറ്റർ ഡോ. നിമ്മി എ. എ എന്നിവർ സംസാരിച്ചു.

ഇന്ദിരാഗാന്ധി ദന്തൽ കോളെജിന് അക്കാദമിക് മികവിനുള്ള അംഗീകാരം

കോതമംഗലം: കോയമ്പത്തൂരിൽ നടന്ന പ്രഥമ ഐ.എ.ഒ.എം.പി ദേശീയ സമ്മേളനത്തോടനുബന്ധിച്ച്, അക്കാദമിക് രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കോതമംഗലം ഇന്ദിരാഗാന്ധി ദന്തൽ കോളെജിനു അഭിനന്ദനപത്രം സമ്മാനിച്ചു. 2024- 25 അധ്യയന വർഷത്തെ സർവകലാശാലാ പരീക്ഷയിൽ ഓറൽ ഹിസ്റ്റോളജി വിഷയത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ആർഷ ആഷിഷിനും, ഓറൽ പത്തോളജി വിഷയത്തിൽ ഏറ്റവും ഉയർന്ന മാർക്ക് നേടിയ ജുവൽ ലയ മനോജിനും മികച്ച അക്കാദമിക് നേട്ടത്തിനുള്ള പുരസ്കാരങ്ങൾ നൽകി ആദരിച്ചു.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത ശാസ്ത്രീയ പോസ്റ്റർ അവതരണ മത്സരത്തിൽ ഇന്ദിരാ ഗാന്ധി ദന്തൽ കോളെജിലെ രണ്ടാം വർഷ വിദ്യാർത്ഥികളായ സനിക രമേഷും കൃഷ്ണ കെ. മണിയും രണ്ടാം സ്ഥാനം നേടി.

ചങ്ങനാശേരി അതിരൂപത യൂത്ത് അപ്പോസ്തലേറ്റും മീഡിയ അപ്പോസ്തലേറ്റും ചേർന്ന് നടത്തുന്ന കാർലോ അക്യൂട്ടിസിന്റെ തിരുനാളിനോടനുബന്ധിച്ച് യുവദീപ്തി എസ്എംവൈഎം, സിഎസ്എം, ജീസസ് യൂത്ത് എന്നീ സംഘടനകളുടെ നേതൃസമ്മേളനം ആർച്ച്ബിഷപ്പ് മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്നു.

യുവജനങ്ങൾ ഡിജിറ്റൽ മിഷനറിമാരാകണം: മാർ തോമസ് തറയിൽ

ചങ്ങനാശേരി : യുവജനങ്ങൾ ഡിജിറ്റൽ മിഷനറിമാരാകണമെന്നും ഈശോ രക്ഷകനാണെന്നുള്ള ചിന്ത ഹൃദയത്തിൽ വളരണമെന്നും ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ.ചങ്ങനാശേരി അതിരൂപത യൂത്ത് അപ്പോസ്തലേറ്റും മീഡിയ അപ്പോസ്തലേറ്റും ചേർന്ന് നടത്തുന്ന വിശുദ്ധ കാർലോ അക്യൂട്ടിസിന്റെ തിരുനാളിനോടനുബന്ധിച്ച് യുവദീപ്തി എസ്എംവൈഎം, സിഎസ്എം, ജീസസ് യൂത്ത് എന്നീ സംഘടനകളുടെ നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മാർ തോമസ് തറയിൽ. മീഡിയ വില്ലേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.ജോഫി പുതുപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. .സാവിയോ മാനാട്ട്, ഫാ.ലിപിൻ തുണ്ടുകളം, തിരുനാൾ പ്രസുദേന്തി ഡോ. ജോർജ് പടനിലം, ജെസ്‌ലി, സുബിൻ ജോൺ എന്നിവർ പ്രസംഗിച്ചു.ഒക്ടോബർ 10,11 തീയതികളിൽ മീഡിയ വില്ലേജിൽ തിരുനാളിനോടനുബന്ധിച്ച് സെന്റെ കാർലോ ഫെസ്റ്റ് 2026 (9 ടൂ 9 മീറ്റ്) നടക്കും.

10 ന് ശനിയാഴ്ച രാവിലെ 9 ന് വിശുദ്ധ കാർലോ അക്യൂട്ടിസിന്റെ തിരുശേഷിപ്പ് പൊതുവണക്കത്തിനായി സെന്റർ ഹാളിൽ പ്രതിഷ്ഠിക്കും.

മാർ ജോസഫ് പെരുംതോട്ടം മെത്രാപ്പോലീത്ത മുഖ്യകാർമ്മികനായിരിക്കും.

10 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 7 മണി വരെ 7 ഇടങ്ങളിൽ ഒരേ സമയം വിവിധ ശുശ്രൂഷകൾ നടക്കും. വൈകുന്നേരം 7 മണി മുതൽ 11 ന് രാവിലെ 7 വരെ നൈറ്റ് വിജിൽ തുടർന്ന് ആഘോഷമായ ബലിയർപ്പണം ചങ്ങനാശേരി അതിരൂപതാ മുഖ്യ വികാരി ജനറാൾ മോൺ. ആന്റണി എത്തക്കാടച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ നടക്കും.

മുളന്തുരുത്തി കീച്ചേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിലെ മെയിൻ സെന്റർ ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ശിലാസ്ഥാപന കർമം മന്ത്രി അഡ്വ. അനൂപ് ജേക്കബ് നിർവഹിക്കുന്നു

അർദ്ധ വാർഷിക അവലോകന യോഗം ചേർന്നു

കാക്കനാട്: ക്ഷീരവികസന വകുപ്പിന്റെ 2026-27 വാർഷിക പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങളുടെ അർദ്ധ വാർഷിക അവലോകന യോഗം കാക്കനാട് ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ ചേർന്നു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി. രാധാകൃഷ്ണൻ യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷെഫീന.എം അദ്ധ്യക്ഷത വഹിച്ചു. ജില്ലയിലെ ക്ഷീരമേഖലയുടെ വികസനത്തിനായി 2026-27 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതിയും പ്രവർത്തനങ്ങളും യോഗം വിലയിരുത്തി. ക്ഷീരകർഷകരുടെ ക്ഷേമം, ക്ഷീര സംഘങ്ങളുടെ പ്രവർത്തനം, സർക്കാർ പദ്ധതികളുടെ നിർവഹണം എന്നിവ സംബന്ധിച്ചും വിശദമായ ചർച്ച നടന്നു.മിൽമ എറണാകുളം മേഖലാ യൂണിയൻ ചെയർമാൻ സി.എൻ. വത്സലൻ പിള്ള, മിൽമ ബോർഡ് അംഗങ്ങളായ ജോൺ തെരുവത്ത്, കെ.സി. മാർട്ടിൻ, മഞ്ഞപ്ര പഞ്ചായത്ത് പ്രസിഡന്റ് സണ്ണി പൈനാടത്ത്, ജില്ലാ ക്ഷീരവികസന ക്വാളിറ്റി കൺട്രോൾ ഓഫീസർ രമ്യ .പി, ടെക്നിക്കൽ അസിസ്റ്റന്റ് ജാക്വിലിൻ ഡൊമനിക്ക്, സീനിയർ ക്ഷീരവികസന ഓഫീസർ അനു മുരളി എന്നിവർ സംസാരിച്ചു.

മരണത്തിലും പ്രകാശമായി; വിജി ടീച്ചറുടെ കണ്ണുകൾ രണ്ടുപേർക്ക് കാഴ്ചയേകും

കൊച്ചി: റോഡപകടത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെ മസ്തിഷ്ക മരണം സംഭവിച്ച അധ്യാപിക എം.എൻ വിജി മോൾ (57)-ന്റെ കണ്ണുകൾ ഇനി രണ്ടുപേർക്ക് കാഴ്ചയുടെ പുതുവെളിച്ചമേകും. എറണാകുളം മടക്കത്താനം കാപ്പ്, പടിഞ്ഞാറേക്കര വീട്ടിൽ വിജിമോളുടെ നേത്രപടലങ്ങളാണ് ദാനം ചെയ്തത്. ദാനം ചെയ്ത നേത്രപടലങ്ങൾ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഐ ബാങ്ക് അസോസിയേഷൻ കേരളയ്ക്കാണ് കൈമാറിയത്. കെ-സോട്ടോയുടെ നേതൃത്വത്തിലായിരുന്നു നേത്രദാന പ്രക്രിയകളുടെ ഏകോപനം.

ഒക്ടോബർ നാലിന് വൈകുന്നേരം 6.30-ഓടെ പിറവത്തെ ബന്ധുവീട്ടിൽ നിന്നും മകൻ അനുരൂപിനൊപ്പം ബൈക്കിൽ മടങ്ങിവരുന്നതിനിടെയായിരുന്നു അപകടം. മടക്കത്താനം കൊച്ചങ്ങാടിയിൽ വച്ച് ഇവർ സഞ്ചരിച്ചിരുന്ന ബൈക്കിലേക്ക് ഓവർടേക്ക് ചെയ്തു വന്ന ബസ് ഇടിക്കുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ഇരുവരെയും ഉടൻതന്നെ തൊടുപുഴ സ്മിത മെമ്മോറിയൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്ന വിജിമോൾക്ക് ഒക്ടോബർ ആറിന് മസ്തിഷ്ക മരണം സ്ഥിരീകരിച്ചു. തുടർന്ന് ദുഃഖത്തിനിടയിലും വിജിമോളുടെ എല്ലാ അവയവങ്ങളും ദാനം ചെയ്യാൻ കുടുംബം സമ്മതം നൽകുകയായിരുന്നു. എന്നാൽ ചില വൈദ്യശാസ്ത്രപരമായ കാരണങ്ങളാൽ മറ്റ് അവയവങ്ങൾ ദാനം ചെയ്യാൻ സാധിക്കാതെ വന്നതോടെ, കുടുംബം നേത്രദാനത്തിന് മുന്നോട്ടുവരികയായിരുന്നു. തുടർന്ന് നേത്രപടലങ്ങൾ ലിറ്റിൽ ഫ്ളവർ ആശുപത്രിയിലെ ഐ ബാങ്ക് അസോസിയേഷൻ കേരളയ്ക്ക് കൈമാറി.

കഴിഞ്ഞ 25 വർഷത്തോളമായി വിദ്യാഭ്യാസ മേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ചവെച്ച വ്യക്തിയാണ് വിജി ടീച്ചർ. കല്ലൂർക്കാട് സരസ്വതി സ്കൂളിൽ ഹെഡ്മിസ്ട്രസ് ആയി സേവനം അനുഷ്ഠിച്ചിട്ടുള്ള അവർ, തൊടുപുഴ സരസ്വതി വിദ്യാഭവൻ സെൻട്രൽ സ്കൂൾ, തൊടുപുഴ അൽ അസർ പബ്ലിക് സ്കൂൾ, നാഗപ്പുഴ സെന്റ് മേരീസ് പബ്ലിക് സ്കൂൾ, പുറപ്പുഴ എസ്.എച്ച്. പബ്ലിക് സ്കൂൾ എന്നിവിടങ്ങളിലും അധ്യാപികയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫീസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ് - 09., ബ്രാഞ്ച് ഓഫീസ്: എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ദി ആർട്ട് ഓഫ് ലിവിംഗ് ടവർ, 13 ക്രോസ് റോഡ്, എസ്.ബി.റ്റി അവന്യൂ, പാസ്പോർട്ട് ഓഫീസിന് സമീപം, പനമ്പിള്ളി നഗർ, കൊച്ചി, കേരളം - 682036.

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രെസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യുവേർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://bankeauctions.com/ support@bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹ വായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക നിരതദ്രവ്യ നിക്ഷേപം ബിഡ് വർധന തുക (രൂപയിൽ)	ലേലത്തീയതിയും സമയവും ഇഎംഡി സമർപ്പിക്കേണ്ട അവസാന തീയതി	ജപ്തിയുടെ തരം
1	Account No. 50173092 , 1). എസിപി മറൈൻസ്, എസിപി മറൈൻസ് 2/239, അഴീക്കപ്പറമ്പിൽ, പള്ളിപ്പോർട്ട്, പള്ളിപ്പുറം, മുനമ്പം, എറണാകുളം, ആലുവ-683515, കേരളം. കൂടാതെ, റീ സർവേ നമ്പർ 59/3/2-2 ൽ ഉൾപ്പെട്ട 09.27.04.05 ആഴ്സ് ഭൂമിയും, സർവേ നമ്പർ 44/8, ബിൽഡിങ് നമ്പർ 2/239 ലെ റീ സർവേ നമ്പർ 59/3/3 ൽ ഉൾപ്പെട്ട 05.22 ആഴ്സ് ഭൂമിയും, കുഴുപ്പള്ളി, ആലുവ-683515. 2). ദിൽന ക്ലീറ്റസ്, അഴീക്കപ്പറമ്പിൽ, മുനമ്പം, പള്ളിപ്പുറം, പള്ളിപ്പോർട്ട്, എറണാകുളം, ആലുവ-683515, കേരളം. 3). വിജു എ. പി., അഴീക്കപ്പറമ്പിൽ, മുനമ്പം, പള്ളിപ്പുറം, പള്ളിപ്പോർട്ട്, എറണാകുളം, ആലുവ-683515, കേരളം.	Rs.20129474.3/- ഇരുപതു കോടി ഒരു ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി നാന്നൂറ്റി എഴുപത്തിനാല് രൂപ മൂന്നു പൈസ മാത്രം) 11.08.2025 തീയതി പ്രകാരം, തുടർന്ന് പൂർണമായ തിരിച്ചടവ് തീയതി വരെയുള്ള പലിശയും/ആകസ്മിക ചെലവുകളും/ മറ്റു ചെലവുകളും.	കൊച്ചി താലൂക്കിൽ, കുഴുപ്പള്ളി വില്ലേജിൽ, കുഴുപ്പള്ളി സബ് രജിസ്ട്രേഷൻ ഉപജില്ലയിലും എറണാകുളം രജിസ്ട്രേഷൻ ഡിസ്ട്രിക്റ്റിലും സ്ഥിതി ചെയ്യുന്നതും, പഴയ സർവേ നമ്പർ 44/8-ൽ പെട്ട റീ സർവേ നമ്പർ 59/3/2-2 ലെ 04.05 ആഴ്സ് ഭൂമിയും, റീ സർവേ നമ്പർ 59/3/3 ലെ 05.22 ആഴ്സ് ഭൂമിയും ചേർന്ന് ആകെ 09.27 ആഴ്സ് സ്ഥലവും അതിലുള്ള കെട്ടിട നമ്പർ 2/239 ഉം ഉൾപ്പെടെയുള്ള മുഴുവൻ വസ്തുവകകളും ഉൾപ്പെടെ. അതിരുകൾ: വടക്ക്: സ്വകാര്യ വഴി, തെക്ക്: അടിമ സ്വാമിയുടെ ഉടമസ്ഥതയിലുള്ള വസ്തു, കിഴക്ക്: പിഡബ്ല്യുഡി റോഡ്, പടിഞ്ഞാറ്: സ്വകാര്യ വഴി	Rs. 1,95,31,575/- Rs.19,53,157/- Rs.1,00,000/-	28/10/2026 at 11 a.m. to 12Noon, 27/10/2026 up to 06:00 p.m	Possession
			എച്ച്ഡിബിക്ക് അറിയാവുന്ന ബാധ്യതകൾ/ ഉത്തരവാദിത്തം എന്തെങ്കിലുമുണ്ടെങ്കിൽ അവ: 11-08-2026 തീയതി പ്രകാരം അറിവിലില്ല			

1. ലോഗിൻ ഐഡിയും പാസ്‌വേഡും ഉണ്ടാക്കുന്നതിനും, വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിനും, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനും, ഓൺലൈൻ ലേലത്തിൽ പങ്കെടുന്നതിനുള്ള പരിശീലനത്തിനും സഹായം ആവശ്യമുള്ള ലേലക്കാർക്ക് മെസ്സേഴ്സ് സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്-മായി ബന്ധപ്പെടാവുന്നതാണ്.വിലാസം: മിസ്റ്റർ ധരണി കൃഷ്ണ, പ്ലോട്ട് നമ്പർ-68, മൂന്നാം നില, സെക്ടർ-44, ഗുഡ്ഗാവ്, ഹരിയാന - 122003. ഇമെയിൽ: support@bankeauctions.com, ഹെൽപ്പ് ലൈൻ നമ്പറുകൾ: 91-7291981124 / 25 / 26, സെയിൽസ് അന്വേഷണങ്ങൾക്ക്: sales@bankeauctions.com, 7291981129.സ്ഥലം സന്ദർശിക്കുന്നതിനും മറ്റ് വിവരങ്ങൾക്കുമായി താൽപ്പര്യമുള്ള വാങ്ങലുകാർക്ക് ഇവരെ ബന്ധപ്പെടാം: ദീപു (8281218729), നവിൻ എ സുരേന്ദ്രൻ (7034913265), ഉമേഷ് കുമാർ (9645099666). 2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ടെണ്ടർ ഫോമുകൾ (മാനേജർ, മെസ്സേഴ്സ് എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, രണ്ടാം നില, ദി ആർട്ട് ഓഫ് ലിവിംഗ് ടവർ, 13 ക്രോസ് റോഡ്, എസ്.ബി.റ്റി അവന്യൂ, പാസ്പോർട്ട് ഓഫീസിന് സമീപം, പനമ്പിള്ളി നഗർ, കൊച്ചി, കേരളം - 682036 എന്ന ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണ്.

തീയതി: 07.10.2026, സ്ഥലം: തിരുവനന്തപുരം

ഒപ്പ്/- അംഗീകൃത ഓഫീസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V. Reji Kumar (Executive Editor), Vol 19, Issue No.272. RNI No. KERMAL/ 2009/ 29279, Printed at Ideal Printers, Chalikkavattom, Vennala PO, Kochi-682028 and Published from Vaartha News Network Pvt. Ltd, 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: ekmbureau@metrovaartha.com, info@metrovaartha.com